"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ്- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ ഡയറക്ടറായ ശ്രീ. പള്ളിയറ ശ്രീധരന് പ്രായപരിധി അധികരിച്ചതിനാൽ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് നൽകി വീണ്ടും ഡയറക്ടർ തസ്തികയിൽ തുടരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(കൈ) നം.14/2023/CLAD തീയതി,തിരുവനന്തപുരം, 09-07-2023

---

പരാമർശം:- 24.05.2022-ലെ സ.ഉ(കൈ)നം.7/2022/സാം.കാ.വ

**ഉത്തരവ്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ ഡയറക്ടറായ ശ്രീ. പള്ളിയറ ശ്രീധരനെ ഡയറക്ടറാക്കി ഭരണ സമിതി പുന:സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. പരാമർശ ഉത്തരവ് പ്രകാരം സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ/സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ പ്രായപരിധി 70 വയസ്സായി നിജപ്പെടുത്തിയിരുന്നു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി തുടരുവാനുള്ള ടിയാന്റെ പ്രായം, 70 വയസ് അധികരിച്ചിരിക്കുന്നതിനാൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ഇളവ് ചെയ്ത് ശ്രീ. പള്ളിയറ ശ്രീധരനെ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി തുടരാൻ അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

2) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ ഡയറക്ടറായ ശ്രീ. പള്ളിയറ ശ്രീധരനെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് നൽകി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ തസ്തികയിൽ തുടരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
പൊതു ഭരണ(എസ് സി) വകുപ്പ്( ഇനം നം. 1618 dated 5-7-2023)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (CLAD-C1/67/2022-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 10-07-2023 16:15:26
സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്
സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

-41-

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 05-07-2023

ഫയൽ നം. സി1/67/2022/സാം.കാ.വ. ഇനം നം: 1618

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ ഡയറക്ടറായ ശ്രീ. പള്ളിയറ ശ്രീധരന് 70 വയസ്സ് പ്രായപരിധി അധികരിച്ചതിനാൽ 24.05.2022-ലെ G.O.(Ms)No.7/2022/CLAD ഉത്തരവിലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

To
Sh
5/7

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

617

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No | : | **C1/67/2022/CLAD** |
| 2 | Department | : | Cultural Affairs (C) Department |
| 3 | Subject | : | Sri.Palliyara Sreedharan, ( 17.01.1950 -73 years) the present Director of State Institute of Children's Literature may be appointed as Director of State Institute of Children's literature by relaxing the upper age limit of 70 years as Prescribed in G.O(Ms)No.7/2022/CLAD – reg. |
| 4 | Date of Chief Minister's Order for placing before the Council | : | 07.06.2023 |
| 5 | Does the case involve financial commitments/implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | : | Yes<br>No |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | No<br>No |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Janardhanan K |
| 8 | Name of Secretary who approved the Draft Note | : | Smt.Mini Antony |
| 9 | Date of approval of the Draft Note for the Council by the Secretary | : | 21.06.2023 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V.P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 22.06.2023 |
| 12 | Name of Minister who approved the Draft Note | : | Sri. Saji Cherian |
| 13 | Date of approval of the Draft Note for the Council by the Minister | : | 26.06.2023 |
| 14 | Date of submission of fair copies | : | 03.07.2023 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./Letter communicating the decision | : | |

## Note for Council of Ministers

This file deals with the relaxation of age limit of Sri. Palliyara Sreedharan, the present Director of the State Institute of Children's Literature by relaxing the condition regarding maximum age limit contained in G.O(Ms)No.7/2022/CLAD dated 24.05.2022.

It was decided to reconstitute the State Institute of Children's Literature with Sri.Palliyara Sreedharan as Director and other 16 as members. But as per G.O(Ms)No.7/2022/CLAD dated 24.05.2022 the maximum age limit of Director/Secretary /Chief Excecutive Officer of the autonomous body institution fixed as 70 years. Since the present Director of State Institute of Children's literature Sri.Palliyara Sreedharan, is above the 70 years of age, his date of birth being 17.01.1950. In order to issue orders appointing Sri.Palliyara Sreedharan as the Director of State Institute of Children's Literature by giving relaxation to the maximum age limit, the matter need to be placed before the cabinet.

The Honourable CM has ordered to place the matter before the cabinet.

## Point for decision

Whether Sri.Palliyara Sreedharan, ( 17.01.1950 -73 years) the present

- Director of State Institute of Children's Literature may again be appointed as Director of State Institute of Children's Literature by relaxing the upper age limit of 70 years as prescribed in G.O(Ms)No.7/2022/CLAD ?

1618

**കേരള സർക്കാർ**

**ശ്രീ.പിണറായി വിജയൻ മന്ത്രിസഭ**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : **സി1/67/2022/സാം.കാ.വ** |
| 2 | വകുപ്പ് | : സാംസ്കാരിക കാര്യ (സി) വകുപ്പ് |
| 3 | വിഷയം | : കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ ഡയറക്ടറായ ശ്രീ.പള്ളിയറ ശ്രീധരന് 70 വയസ്സ് പ്രായപരിധി അധികരിച്ചതിനാൽ 24.05.2022 ലെ G.O(Ms)No.7/2022/CLAD ഉത്തരവിലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07.06.2023 |
| 5 | 1. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | 2. സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഉണ്ട് |
| | ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? | : ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. ജനാർദ്ദനൻ.കെ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി. മിനി ആന്റണി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 21.06.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 22.06.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 26.06.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 03.07.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ സമിതിയിൽ ഉൾപ്പെടുത്തി, ഡയറക്ടറായി വീണ്ടും നിയമിക്കാൻ ശിപാർശ ചെയ്തിട്ടുള്ള, നിലവിലുള്ള ഡയറക്ടർ കൂടിയായ ശ്രീ. പള്ളിയറ ശ്രീധരന് 70 വയസ് പ്രായ പരിധി അധികരിച്ചതിനാൽ, 24.05.2022 ലെ G.O(Ms)No.7/2022/CLAD ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകി ഡയറക്ടറായി നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ശ്രീ. പള്ളിയറ ശ്രീധരനെ ഡയറക്ടറായും മറ്റ് 16 പേരെ അംഗങ്ങളായും ഉൾപ്പെടുത്തി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചുവെങ്കിലും സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ/സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ പ്രായപരിധി 70 വയസ്സായി നിജപ്പെടുത്തി 24.05.2022 ലെ G.O(Ms)No.7/2022/CLAD ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലുള്ള ഡയറക്ടറായ 17.01.1950-ൽ ജനിച്ച ശ്രീ. പള്ളിയറ ശ്രീധരന് 70 വയസ്സ് എന്ന പ്രായപരിധി അധികരിച്ചതിനാൽ ശ്രീ. പള്ളിയറ ശ്രീധരനെ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിക്കുന്നതിനായി പ്രായപരിധി ഇളവ് ചെയ്യുന്നതിന് മന്ത്രിസഭാ യോഗത്തിന്റെ തീരുമാനം അനിവാര്യമാണ്.

മേൽ വിഷയം മന്ത്രിസഭ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട വിഷയം

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ ഡയറക്ടറായ ശ്രീ.പള്ളിയറ ശ്രീധരന് ( 17.01.1950-73 വയസ്സ്) 70 വയസ്സ് പ്രായപരിധി അധികരിച്ചതിനാൽ

24.05.2022 ലെ G.O(Ms)No.7/2022/CLAD ഉത്തരവിലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് നൽകി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി വീണ്ടും നിയമിക്കാവുന്നതാണോ?